**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1920** **08-02-2023 - ൽ മറുപടിയ്ക്ക്**

**മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലെ ഡ്രൈവർ കം അറ്റൻഡന്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ മൃഗസംരക്ഷണ വകുപ്പിന് എത്ര മൊബൈൽ വെറ്ററിനറി യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലെ ഡ്രൈവർ കം അറ്റൻഡന്റ് തസ്തികയിലെ നിയമന വ്യവസ്ഥയുടെ വിശദാംശം അറിയിക്കാമോ; | (ബി) | മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലെ ഡ്രൈവർ കം അറ്റൻഡന്റ് തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭിക്കുവാൻ വൈകുന്ന സാഹചര്യത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ പ്രവർത്തനം തടസപ്പെടാതിരിക്കുവാൻ വാക്ക്-ഇൻ-ഇന്റർവ്യൂ വഴി ആളെ നിയമിക്കുകയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലിസ്റ്റ് ലഭിക്കുമ്പോൾ ടി ഡ്രൈവർ കം അറ്റൻഡന്റ്മാരെ പിരിച്ചുവിടുകയും ചെയ്യും. |
| (സി) | ഡ്രൈവർ കം അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ; | (സി) | മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലെ ഡ്രൈവർ കം അറ്റൻഡന്റ് തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിലവിൽ നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭിക്കുവാൻ വൈകുന്ന സാഹചര്യത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ പ്രവർത്തനം തടസപ്പെടാതിരിക്കുവാൻ, വാക്ക്-ഇൻ-ഇന്റർവ്യൂ വഴി ആളെ നിയമിക്കുകയും, എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ടി വാക്ക്-ഇൻ-ഇന്റർവ്യൂ വഴി താൽക്കാലിക നിയമനം നേടിയ ആളെ പിരിച്ചുവിടുകയും ചെയ്യും. എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ സ്വീകരിച്ചുവരുന്നു. ഇതുവരെ ആലപ്പുഴ ജില്ലയിലെ മുതുകുളം, കഞ്ഞിക്കുഴി എന്നീ ബ്ലോക്കുകളിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലെ ഡ്രൈവർ കം അറ്റൻഡന്റ് തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിലവിൽ നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭിക്കുവാൻ വൈകുന്ന സാഹചര്യത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ പ്രവർത്തനം തടസപ്പെടാതിരിക്കുവാൻ, വാക്ക്-ഇൻ-ഇന്റർവ്യൂ വഴി ആളെ നിയമിക്കുകയും, എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ടി വാക്ക്-ഇൻ-ഇന്റർവ്യൂ വഴി താൽക്കാലിക നിയമനം നേടിയ ആളെ പിരിച്ചുവിടുകയും ചെയ്യും. എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ സ്വീകരിച്ചുവരുന്നു. ഇതുവരെ ആലപ്പുഴ ജില്ലയിലെ മുതുകുളം, കഞ്ഞിക്കുഴി എന്നീ ബ്ലോക്കുകളിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ